## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **05.06.2018 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 605**

### മെഡ്സ് പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. സ്വരാജ്** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് 'മെഡ്സ് പാർക്ക് ' സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. കെ എസ് ഐ ഡി സി യുടെ തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ 9 ഏക്കർ സ്ഥലത്ത് കെ എസ് ഐ ഡി സി യുടെയും , ശ്രീ. ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയുടേയും സംയുക്തസംരംഭമാണ് മെഡ്സ്പാർക്ക്. |
| (ബി) | ഉണ്ടെങ്കിൽ മെഡ്സ് പാർക്ക് സ്ഥാപിക്കുന്നത് എവിടെയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്തെന്ന് അറിയിക്കുമോ ? | (സി) | ബയോമെഡിക്കൽ മേഖലയിൽ സാങ്കേതിക വികസനത്തിനുള്ള വർദ്ധിച്ച അറിവും ശേഷിയും നൽകുക, ബിസിനസ്സ് ഇൻക്യുബേഷൻ, മെഡിക്കൽ ഉപകരണങ്ങളുടെ നിലവാര പരിശോധന, ഉൽപ്പാദനം എന്നിവയാണ് മെഡ്സ് പാർക്ക് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ആധുനിക മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനും സജ്ജീകരണത്തിനും , ഗവേഷണത്തിനും ഉള്ള പരീക്ഷണശാലകൾ പ്രസ്തുത പാർക്കിൽ ഒരുക്കുന്നു. ഈ പാർക്ക് നിലവിൽ വരുന്നതോടെ മെഡിക്കൽ രംഗത്ത് നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണവും വിപണനവും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>M/s. HLL Infratech Services Limited (HITES) നെ പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ മാസ്റ്റർ പ്ലാൻ കൺസൾട്ടന്റ് തയ്യാറാക്കിയിട്ടുണ്ട്.<br>ഇന്ത്യാ ഗവൺമെന്റിന്റേയും , കേരള ഗവൺമെന്റിന്റേയും , കെ എസ് ഐ ഡി സി യുടേയും വിഹിതവും, ടേം ലോണുമാണ് പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സുകൾ. ഇതിനായി 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 4750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

Bindu T

**സെക്ഷൻ ഓഫീസർ**